വൊക്കേഷണൽ ഹയർ സെക്കന്ററി അദ്ധ്യാപകരുടെ ഡെപ്യൂട്ടേഷൻ

98 (2973) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ.സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റെ കീഴിൽ വരുന്ന സ്ക്കൂളുകളിൽ അദ്ധ്യാപകർക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത മാനദണ്ഡങ്ങൾക്കുള്ളിൽ നിയമിക്കുന്ന കാലയളവിനു ശേഷം അദ്ധ്യാപകർ ജോലി ചെയ്യുന്നതായി ആക്ഷേപം ഉണ്ടായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യം പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ ഒഴിവുള്ള അദ്ധ്യാപക തസ്തികകളിലേക്ക് ഡെപ്യൂട്ടേഷൻ നിയമനത്തിന് വേണ്ടി മറ്റു വകുപ്പുവഴി ലഭിക്കുന്ന അപേക്ഷകരിൽ നിർദ്ദിഷ്ട യോഗ്യതയുള്ളവർക്ക് ഡപ്യൂട്ടേഷൻ വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷത്തേക്ക് ഡപ്യൂട്ടേഷൻ അനുവദിക്കുകയും ചെയ്യുന്നു. പ്രസ്തുത നിയമനം അഞ്ചു വർഷം വരെ ആവശ്യമെന്നു കണ്ടാൽ ദീർഘിപ്പിച്ച് നൽകാറുണ്ട്.

(സി) ഉണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്.

ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ നടത്തിയ നിയമനം

99 (2974) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി. എസ്. സി. വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ ഡെപ്യൂട്ടേഷൻ മുഖേനയോ അല്ലാതെ എത്ര പേരെ നിയമിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ നിയമനങ്ങളിലുള്ള പരാതികൾ അന്വേഷിക്കണമെന്ന് ഹൈക്കോടതി ഉത്തരവായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly